"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ്- കോഴിക്കോട് ജില്ലയിലെ പൂനത്ത് നെല്ലിശ്ശേരി എ.യു.പി.എസ്.-ലെ ജൂനിയർ അറബിക് അദ്ധ്യാപകനായ ശ്രീ. നിയാസ്.കെ.പി ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നം. 29334/2021 ന്മേലുള്ള 17/12/2021 ലെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്

സ.ഉ.(സാധാ) നം.2491/2022/GEDN തീയതി,തിരുവനന്തപുരം, 18-04-2022

പരാമർശം:-
1. 17/08/2005 ലെ G.O.(P) 317/2005/GEDN
2. 12/01/2010 ലെ G.O.(P) 10/10/GEDN ഉത്തരവ്
3. ശ്രീ. നിയാസ്.കെ.പി ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത . 29334/2021 നം റിട്ട് ഹർജി
4. ശ്രീ. നിയാസ്.കെ.പി ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നം. 29334/2021 നമ്മേലുള്ള 17/12/2021 ലെ വിധിന്യായം
5. 14/03/2022 ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ജി3/3107/2022/ഡി.ജി.ഇ. നമ്പർ കത്ത്.
6. 07/03/2022 ലെ താമരശ്ശേരി ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ബി2/498/2022 നമ്പർ കത്ത് .

ഉത്തരവ്

കോഴിക്കോട് ജില്ലയിലെ പൂനത്ത് നെല്ലിശ്ശേരി എ.യു.പി.എസ്.-ലെ ജൂനിയർ അറബിക് അദ്ധ്യാപകനായ ശ്രീ. നിയാസ്.കെ.പി ബഹു. ഹൈക്കോടതിയിൽ പരാമർശം 3 പ്രകാരം ഫയൽ ചെയ്ത റിട്ട് ഹർജി നം. 29334/2021 നമ്മേലുള്ള പരാമർശം 4 ലെ വിധിന്യായത്തിൽ Ext.P9 റദ്ദാക്കുകയും ഹർജിക്കാരന്റെ റിവിഷൻ ഹർജി, ടിയാനേയും 5-ാംം എതിർ കക്ഷിയേയും നേരിൽ കേട്ടതിനുശേഷം പുനഃപരിഗണിക്കുവാനും, ടി വിഷയത്തിൽ 3 മാസത്തിനകം പുതുക്കിയ ഉത്തരവ് പുറപ്പെടുവിയ്ക്കുവാനും ഒന്നാം എതിർ കക്ഷി സർക്കാരിനോട് നിർദ്ദേശിച്ചിരുന്നു. ഹർജിക്കാരന്റെ അംഗീകൃത നോമിനിയേയും മറ്റു ബന്ധപ്പെട്ട കക്ഷികളേയും 15/3/22 തീയതിയിൽ ഗ്രൂഗിൾമീറ്റ് മുഖേന നേരിൽ കേട്ടു.

2. 01/06/2011 മുതൽ അധ്യാപക ബാങ്കിൽ ഉൾപ്പെടുത്തി തന്റെ നിയമനം അംഗീകരിച്ചിട്ടുള്ള

സാഹചര്യത്തിൽ നിയമന നിരോധന കാലയളവിലെ 29/7/2008 മുതൽ 31/5/2011 വരെയുള്ള നിയമനം അംഗീകരിക്കണമെന്നതാണ് റിവിഷൻ ഹർജിയിലെ ആവശ്യം.

3. സർക്കാർ ഈ വിഷയം നിലവിലെ ചട്ടങ്ങളുടെയും ഉത്തരവുകളുടെയും ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചു.

4. ടി സ്കൂളിൽ 2008-09 വർഷം ഉണ്ടായ അധിക ജൂനിയർ അറബിക് തസ്തികയിൽ മാനേജർ നിയമിച്ച ശ്രീ. പി.പി.മഷ്ഹൂദ് എന്നയാൾ നിയമനം അംഗീകരിക്കുന്നതിനു മുൻപ് രാജിവച്ചുപോയതുമൂലമുണ്ടായ ഒഴിവിലേക്കാണ് 29/07/2008 മുതൽ ഹർജിക്കാരനെ മാനേജർ നിയമിക്കുകയും ടി നിയമനം ശ്രീ. മഷ്ഹൂദിന് നിയമന അംഗീകാരം ലഭിച്ചിട്ടില്ലാത്തതിനാൽ ടിയാന്റെ രാജി അംഗീകരിച്ചിട്ടില്ല, വിദ്യാഭ്യാസ യോഗ്യതയുടെ അസ്സൽ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല എന്നീ കാരണങ്ങളാൽ ഉപജില്ലാവിദ്യാഭ്യാസ ഓഫീസർ നിരസിക്കുകയുണ്ടായി. പിന്നീട് ഇതുസംബന്ധിച്ച് ഹർജിക്കാരൻ സമർപ്പിച്ച അപ്പീലും റിവിഷൻ അപ്പീലും, ടി കാലയളവിൽ അധിക തസ്തികയിലെ നിയമനങ്ങൾക്ക് നിരോധനം നിലവിലുണ്ടായിരുന്നതിനാൽ പരാമർശം 1 പ്രകാരം വീണ്ടും നിരസിക്കപ്പെടുകയുണ്ടായി. പിന്നീട് പരാമർശം 2 പ്രകാരം നിരോധനം നീക്കിയെങ്കിലും, ടി ഉത്തരവിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരമുള്ള ബോണ്ട് മാനേജർ സമർപ്പിക്കാത്തതിനാൽ നിയമനം വീണ്ടും അംഗീകരിച്ചില്ല. പിന്നീട് അധ്യാപക ബാങ്കിൽ ഉൾപ്പെടുത്തി 01/06/2011 മുതൽ നിയമനം അംഗീകരിച്ചിട്ടുണ്ട്. എന്നാൽ നിയമനത്തീയതി മുതൽ 31/05/2011 വരെ കാലയളവിലെ നിയമനം അംഗീകരിച്ചു കിട്ടുന്നതിനാണ് റിട്ട് ഹർജി ഫയൽ ചെയ്തിട്ടുള്ളത്.

5. 2006-07 വർഷം മുതൽ 2009-10 അധ്യയനവർഷം വരെ എയ്ഡഡ് സ്കൂളുകളിലെ അധിക തസ്തികകളിൽ നിയമിച്ച അദ്ധ്യാപകർക്ക് നിയമനം നൽകുന്നതിൽ നിലനിന്നിരുന്ന നിരോധനം പരാമർശം 2 പ്രകാരം പിൻവലിക്കുകയും തുടർന്നുള്ള വർഷങ്ങളിൽ ടി സ്കൂളിൽ വരുന്ന ഒഴിവുകളിൽ തത്തുല്യഎണ്ണം സംരക്ഷിതാദ്ധ്യാപകരെ നിയമിക്കാമെന്ന ബോണ്ട് അതത് സ്കൂൾ മാനേജർ സർക്കാരിന് സമർപ്പിക്കണം എന്ന വ്യവസ്ഥയിൽ 2006-2007 വർഷം മുതൽ പ്രതീക്ഷിത അധിക തസ്തികകളിൽ നിയമിച്ച അദ്ധ്യാപകർക്ക് നിയമനത്തീയതി മുതൽ അംഗീകാരം നൽകാമെന്ന് പ്രസ്തുത ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ടി ഉത്തരവിനെതിരെ മാനേജർമാർ ബഹു.സുപ്രീം കോടതിയിൽ കേസ് ഫയൽചെയ്യുകയും പ്രസ്തുത നിബന്ധനയ്ക്കെതിരെ സ്റ്റേ വാങ്ങുകയുമുണ്ടായി. ഈ സ്ഥിതി നിലനിൽക്കെ, ഇത്തരത്തിൽ നിയമിതരായ അധ്യാപകർ അവരുടെ നിയമനങ്ങൾ അംഗീകരിച്ചു കിട്ടുന്നതിനായി കോടതിയെ സമീപിക്കുകയും അതതു മാനേജർമാർ 12/01/2010 ലെ ഉത്തരവ് പ്രകാരമുള്ള ബോണ്ട് വച്ചതായി കണക്കാക്കി (deeming provission) 2006-07 വർഷം മുതൽ 2009-10 വർഷം വരെ നിയമിതരായ അദ്ധ്യാപകർക്ക് അവരുടെ നിയമനതീയതി മുതൽ അംഗീകാരം നൽകുവാൻ വ്യത്യസ്തങ്ങളായ വിധിന്യായങ്ങളിലൂടെ നിർദ്ദേശം നൽകുകയുണ്ടായി. അത്തരം കേസുകളിൽ അവരവരുടെ നിയമനതീയതി മുതൽ അംഗീകാരം നൽകാൻ അതത് വിദ്യാഭ്യാസ ഓഫീസർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. Deeming provission അനുസരിച്ച് ഭാവിയിലുണ്ടാകുന്ന ഒഴിവുകൾ സംരക്ഷിതാദ്ധ്യാപക നിയമനത്തിനായി മാറ്റിവെക്കാൻ ബന്ധപ്പെട്ട മാനേജർമാർ ബാധ്യസ്ഥരാണ്. ഈ വ്യവസ്ഥ പാലിക്കാതെ ഒഴിവുകൾ നികത്തിയാൽ ആയവയ്ക്ക് നിയമനാംഗീകാരം ലഭിക്കുകയില്ല.

6. State of Kerala vs Suma Devi and orsകേസിലും ബഹു. കോടതി ഇത്തരത്തിലുള്ള നിർദ്ദേശമാണ് വിധിന്യായത്തിൽ നൽകിയിട്ടുള്ളത്. ഈ കേസിലും, പ്രസ്തുത വിധിന്യായത്തിലെ ബഹു.കോടതിയുടെ പരാമർശങ്ങൾ കണക്കാക്കി തീരുമാനം എടുക്കാനാണ് കോടതി നിർദ്ദേശം പരാമർശം 2 ഉത്തരവിനെതിരെ ബഹു. സുപ്രീംകോടതിയിൽ പെന്റിംഗായിട്ടുള്ള കേസുകൾ, ഹർജിക്കാരുടെ അവകാശങ്ങൾ നിഷേധിക്കുന്നതിന് കാരണമാകരുതെന്നും മേൽ കേസുകളുടെ അന്തിമ തീരുമാനത്തിനു വിധേയമായി ഉത്തരവ് പുറപ്പെടുവിയ്ക്കാമെന്നും വിധിന്യായത്തിൽ പരാമർശിച്ചിട്ടുണ്ട്.

7. State of Kerala vs Suma Devi and othersകേസിലെ വിധിന്യായത്തിലെ പരാമർശങ്ങൾ ഈ കേസിലും പരിഗണിക്കുന്നതിനാണ് ബഹു.കോടതി നിർദ്ദേശിച്ചിട്ടുള്ളത്. ടി കേസിലെ വിധിന്യായത്തിൽ മാനേജർ ബോണ്ട് വച്ചതായി കണക്കാക്കി (deeming provission) ഹർജിക്കാരുടെ നിയമനം നിയമനത്തീയതി മുതൽ അംഗീകരിക്കാനാണ് നിർദ്ദേശിച്ചിട്ടുള്ളത്.

8. ഈ വിഷയത്തിലെ റിവിഷൻ ഹർജി പരാമർശം 2 ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് പരിശോധിക്കുന്നതെങ്കിൽ മാനേജർ ബോണ്ട് വച്ചതായി കണക്കാക്കി നിയമനം അംഗീകരിക്കാമെന്ന്, ഹർജിക്കാർ അർഹരെങ്കിൽ, 10/10 ഉത്തരവിനെതിരെ ബഹു. സുപ്രീംകോടതിയിൽ നിലനിൽക്കുന്ന കേസുകൾ, അവരുടെ അവകാശങ്ങൾ നിഷേധിക്കുന്നതിന് കാരണമാകരുതെന്നും മേൽ കേസുകളുടെ അന്തിമ വിധിക്ക് വിധേയമായി ഉത്തരവ് പുറപ്പെടുവിക്കാമെന്നും ഈ കേസിലെ വിധിന്യായത്തിൽ ബഹു.കോടതി നിർദ്ദേശിച്ചിട്ടുണ്ട്.

9. ഈ കേസിലെ ഹർജിക്കാരന്റെ നിയമനത്തീയതി മുതൽ 31/05/2011 വരെയുള്ള നിയമനം അംഗീകരിക്കാത്തത് പരാമർശം 2 പ്രകാരമുള്ള ബോണ്ട് മാനേജർ സമർപ്പിക്കാത്ത കാരണത്താലാണ്. ആയതിനാൽ ബഹു. കോടതിയുടെ വിധിന്യായത്തിലെ 'deeming provision' പരിഗണിച്ചുകൊണ്ട്, പരാമർശം 2 ഉത്തരവ് പ്രകാരമുള്ള ബോണ്ട് മാനേജർ വച്ചതായി കണക്കാക്കി, ബഹു.സുപ്രീംകോടതിയിൽ പരാമർശം 2 ഉത്തരവിനെതിരെ നിലനിൽക്കുന്ന കേസുകളിലെ അന്തിമവിധിക്ക് വിധേയമായി നിയമനത്തീയതി മുതൽ 31/05/2011 വരെയുള്ള ഹർജിക്കാരന്റെ ജൂനിയർ അറബിക് തസ്തികയിലെ നിയമനം അംഗീകരിയ്ക്കാവുന്നതാണെന്നും ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മാനേജർ ബോണ്ട് വച്ചതായി കണക്കാക്കി, (deeming provision) പരാമർശം 2 ഉത്തരവിനെതിരെ മാനേജർമാർ സുപ്രീംകോടതിയിൽ ഫയൽ ചെയ്തിരിക്കുന്ന കേസുകളിലെ അന്തിമവിധിക്ക് വിധേയമായി ഹർജിക്കാരന് നിയമനം അംഗീകരിക്കുവാൻ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇപ്രകാരം റിട്ട് ഹർജി നം. 29334/2021 മേലുള്ള പരാമർശം 4 ലെ വിധിന്യായം പാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജ്യോതിലക്ഷ്മി എൽ
അണ്ടർ സെക്രട്ടറി

പകർപ്പ്:-അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)

സ.ഉ.(സാധാ) നം.2491/2022/GEDN

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം -695 001

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, താമരശ്ശേരി, കോഴിക്കോട്- 673004

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, പേരാമ്പ്ര, കോഴിക്കോട്-673525

നിയാസ്.കെ.പി, ജൂനിയർ അറബിക് ടീച്ചർ, പൂനത്ത് നെല്ലിശ്ശേരി എ.യു.പി. സ്കൂൾ, പൂനത്ത്.പി.ഒ, കോഴിക്കോട്.

മാനേജർ, പൂനത്ത് നെല്ലിശ്ശേരി എ.യു.പി. സ്കൂൾ, പൂനത്ത്.പി.ഒ, കോഴിക്കോട്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

പൊതുജന സമ്പർക്ക പ്രസിദ്ധീകരണ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by Mini.t.r.
Date: 19-04-2022 10:01:45
സെക്ഷൻ ഓഫീസർ